**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2524 06.12.2018-ലെ മറുപടിയ്ക്ക്

# സ്പെഷ്യൽ ഒളിമ്പിക്സ് കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ എത്ര കായിക താരങ്ങൾക്ക് സർക്കാർ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട് എന്നത് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ച്ചവച്ച അനിൽഡ തോമസ്, അനു രാഘവൻ എന്നിവർക്ക് വനം വകുപ്പിലും സജൻ പ്രകാശ്, എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ആഭ്യന്തര വകുപ്പിലും ഗസ്റ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.<br>ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററിയിലും തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്പെഷ്യൽ ഒളിമ്പിക്സ് (പാരാലിമ്പിക്സ്) വിജയികളെ കായിക താരങ്ങൾക്കുള്ള നിയമനത്തിന് പരിഗണിക്കാറുണ്ടോ; | (ബി) | സ്പെഷ്യൽ ഒളിമ്പിക്സ് (പാരാലിമ്പിക്സ്) വിജയികളെ സ്പോർട്സ് ക്വാട്ട നിയമനത്തിന് പരിഗണിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ പ്രതിവർഷം 2 ഒഴിവ് വീതം വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. |
| (സി) | ഈ മാനദണ്ഡ പ്രകാരം പുതുപ്പാടി സ്വദേശി മുഹമ്മദ് സാലിഹിന് നിയമനം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ചു വരികയാണ് |
| (ഡി) | എങ്കിൽ നിയമനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**